**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 164** | **21-06-2024 - ൽ മറുപടിയ്ക്ക്**

**കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ആരോഗ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനം നേരിടുന്ന മുഖ്യ പൊതുജനാരോഗ്യ പ്രശ്നങ്ങളിലൊന്നാണ് പരിസ്ഥിതി വ്യതിയാനം മൂലമുണ്ടാകുന്ന പുതിയ പകർച്ചവ്യാധികളെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പരിസ്ഥിതി വ്യതിയാനത്തിന്റെ ദൂഷ്യഫലങ്ങൾ കേരളത്തിലെ പൊതുജനാരോഗ്യ മേഖലയിലും പ്രകടമാണ്. കാലാവസ്ഥാവ്യതിയാനം മൂലം ഉണ്ടാകുന്ന മാറ്റങ്ങൾ സൂക്ഷ്മ ജീവികളുടേയും, രോഗവാഹകരുടേയും വ്യാപനത്തിന് ഉതകുന്ന രീതിയിലാണ്. ഇത് പകർച്ച വ്യാധികളുടെ വ്യാപനത്തിനും, പുതിയവയുടെ ഉത്ഭവത്തിനും കാരണമാകുന്നു.<br><br>തീവ്രമായ കാലാവസ്ഥാ വ്യതിയാനത്താൽ ഉണ്ടാകുന്ന പ്രളയം, വരൾച്ച മൂലമുള്ള ജലദൗർലഭ്യം തുടങ്ങിയവ പകർച്ചവ്യാധികൾക്ക് കാരണമാകുന്നത് തടയുന്നതിനായി അത്തരം പ്രദേശങ്ങൾ നേരത്തെ തന്നെ മനസ്സിലാക്കി പ്രതിരോധ നടപടികൾ എടുത്തുവരുന്നു. |
| (ബി) | ദുർബല ജനവിഭാഗങ്ങൾക്ക് ആതുരസേവനം ഉറപ്പാക്കുന്നതിനും പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിനും ജീവിതശൈലീ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തി പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | ദുർബല ജനവിഭാഗങ്ങൾക്ക് ആതുരസേവനം ഉറപ്പാക്കുന്നതിന് ശക്തമായ ഒരു പ്രാഥമികാരോഗ്യ ശൃംഖല നമുക്കുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ/ സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ/ കുടുംബാരോഗ്യ കേന്ദ്രങ്ങൾ/ഹെൽത്ത് & വെൽനെസ് സെന്റർ എന്നിവയിലൂടെ പകർച്ചവ്യാധികൾ പ്രതിരോധിക്കാനും, ചികിത്സിക്കാനും ആവശ്യമെങ്കിൽ റഫറൽ സേവനം നൽകാനും കഴിയുന്നു. താലൂക്ക്, ജില്ലാ, ജനറൽ, മെഡിക്കൽ കോളേജ് ആശുപത്രികളിലൂടെ സ്പെഷ്യാലിറ്റി/ വിദഗ്ധ സേവനങ്ങളും ലഭ്യമാക്കുന്നു. ദുർബല ജനവിഭാഗങ്ങൾക്ക് ആതുരസേവനം ഉറപ്പാക്കുന്നതിന് സ്വീകരിച്ച പ്രധാന നടപടികൾ ചുവടെ ചേർക്കുന്നു;<br><br>• നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും, |

| | | | |
|---|---|---|---|
| | | | ഒ.പി. സമയം ഉൾപ്പടെയുള്ള സേവനങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തു.<br>• കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് പരിശോധനാ സംവിധാനങ്ങൾ കൂടുതൽ പ്രാപ്യമാക്കുവാൻ Hub and Spoke സംവിധാനം മുഖേന സാമ്പിളുകൾ ശേഖരിക്കുന്ന പ്രക്രിയ നടപ്പിലാക്കി വരുന്നു.<br>• ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകൾ ഉൾപ്പെടെ വിവിധ ലാബുകൾക്ക് പകർച്ചവ്യാധി പരിശോധന കിറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്.<br>• അവശ്യ മരുന്നുകളുടെ ലഭ്യത എല്ലാ സർക്കാർ ആശുപത്രികളിലും ഉറപ്പാക്കിയിട്ടുണ്ട്. അർഹരായ ജനവിഭാഗങ്ങൾക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖേന സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു.<br>പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിനും ജീവിതശൈലീ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തി പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ **അനുബന്ധം** ആയി ചേർക്കുന്നു. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാഥമികാരോഗ്യ മേഖലയിൽ നവീന പദ്ധതികൾ തയ്യാറാക്കാനും ഏറ്റെടുത്ത പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകാനും ആരോഗ്യവകുപ്പിന്റെ പൂർണ്ണ പിന്തുണ ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉറപ്പ് വരുത്തിയിട്ടുണ്ട്. പ്രാഥമിക ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട നവീന പദ്ധതികൾ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്നത് വഴി ആരോഗ്യ വകുപ്പിന്റെ പരിപൂർണ്ണ പിന്തുണ ഉറപ്പാക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നുണ്ട്.<br><br>ആർദ്രം പദ്ധതിയുടെ ഭാഗമായ വൺ ഹെൽത്ത് പ്രോഗ്രാം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു. Kerala Institute of Local Administration (KILA) യുടെ പിന്തുണയോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, സെക്രട്ടറിമാർ, മറ്റ് മിഷനുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകളിൽ നിന്നുള്ള പ്രതിനിധികൾ എന്നിവർക്കായി പരിശീലന പരിപാടികൾ നടത്തിവരുന്നു. |
| (ഡി) | കുടുംബാരോഗ്യ കേന്ദ്രങ്ങളിലെയും ജനകീയാരോഗ്യ കേന്ദ്രങ്ങളിലെയും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ, അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ എന്നിവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്.<br><br>2022 ഏപ്രിൽ മാസം 1-നാണ് കേരളത്തിൽ ആദ്യമായി അർബൻ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റേഴ്സ് പ്രവർത്തനം ആരംഭിച്ചത്. 2024 ജൂൺ 14 വരെയുള്ള കണക്ക് അനുസരിച്ച |

സംസ്ഥാനത്ത് 380 അർബൻ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ അനുവദിച്ചതിൽ 215 എണ്ണം പ്രവർത്തനക്ഷമമാണ്. എൻ എച്ച് എം ജില്ലാ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് ഓരോ മാസവും ഇത്തരം കേന്ദ്രങ്ങളുടെ അവലോകന യോഗം നടത്തി പ്രവർത്തന പുരോഗതി വിലയിരുത്തി വരുന്നുണ്ട്. പ്രസ്തുത യോഗങ്ങളിൽ വെൽനെസ്സ് സെന്ററുകളിലെ ജീവനക്കാരുടെ ലഭ്യത, മരുന്ന്, മറ്റു ഉപകരണങ്ങൾ, ലബോറട്ടറി സേവനം, പുതുതായി കൂട്ടിച്ചേർക്കേണ്ട പ്രവർത്തനങ്ങൾ, നിലവിലെ പോരായ്മകൾ, അടിയന്തിരമായി തീരുമാനമെടുക്കേണ്ട വിഷയങ്ങൾ എന്നിവ യോഗം ചർച്ച ചെയ്തു ഉടനടി തീരുമാനമെടുക്കാറുണ്ട്.

എല്ലാ ജില്ലകളിലെയും അർബൻ ഹെൽത്ത് കോ ഓർഡിനേറ്റർമാർ അവരുടെ പ്രതിമാസ സന്ദർശന പരിപാടിയുടെ ഭാഗമായി അർബൻ സെന്റർ നേരിട്ട് സന്ദർശിച്ച് പുരോഗതി വിലയിരുത്തുന്നു. സംസ്ഥാന ഓഫീസിലെ ഉദ്യോഗസ്ഥരും ഇത്തരം ജില്ലാ സന്ദർശനത്തിലൂടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. അർബൻ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളുടെ പ്രവർത്തനത്തിന്റെ പ്രധാന പങ്കാളി അതാതു പ്രദേശത്തെ നഗരസഭകൾ ആണ്. നഗരസഭകളും ഈ അവലോകന പരിപാടികളിൽ സജീവ ഭാഗമാകുന്നുണ്ട്. ഓരോ അർബൻ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററിന്റെ ഭാഗമായി രൂപീകരിക്കപ്പെട്ടിരിക്കുന്ന ജനകീയ ആരോഗ്യ സമിതികൾ (JAK) യോഗം ചേർന്ന് പുരോഗതി വിലയിരുത്തുന്നു.

കൂടാതെ ഇത്തരം കേന്ദ്രങ്ങളുടെ ദൈനം ദിന പ്രവർത്തനം വിലയിരുത്തുന്നതിന് സർക്കാർ തന്നെ രൂപകൽപന ചെയ്തിട്ടുള്ള വെബ് പോർട്ടലുകൾ ജില്ലാ/ സംസ്ഥാന യൂണിറ്റുകൾക്ക് വെൽനെസ്സ് സെന്ററുകളുടെ പ്രവർത്തന പുരോഗതി നേരിട്ട് അവലോകനം ചെയ്യാൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

ജനകീയ ആരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളും സന്ദർശിച്ച് സംസ്ഥാന, ജില്ലാ, ബ്ലോക്ക് തല ഉദ്യോഗസ്ഥർ സപ്പോർട്ടീവ് സൂപ്പർവിഷൻ പതിവായി നടത്തുന്നു.

നഗര സഭകളിലെ അർബൻ ഹെൽത്ത് & വെൽനസ്സ് സെന്ററുകളുടെ പ്രവർത്തന പുരോഗതി ജില്ലാ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നും കൂടാതെ ജില്ലാ തലത്തിലും കൃത്യമായ ഇടവേളകളിൽ അവലോകനം നടത്തി പുരോഗതി വിലയിരുത്തി വരികയും മതിയായ

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നുണ്ട്. ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റികളും പ്രവർത്തനം വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ മന്ത്രിതലത്തിലും ആരോഗ്യ വകുപ്പ് സെക്രട്ടറിതലത്തിലും ഇടയ്ക്കിടെ യോഗം ചേർന്ന് പ്രവർത്തനം അവലോകനം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## പകർച്ചവ്യാധികൾ തടയാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ

- മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ അവലോകനം ചെയ്യുന്നതിനായി ബഹു മുഖ്യമന്ത്രിയുടെയും ആരോഗ്യ വകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിൽ നിരവധി യോഗങ്ങൾ ചേർന്നിട്ടുണ്ട്. ആരോഗ്യ വകുപ്പ് മന്ത്രി 19/12/2023, 05/03/2024, 14/03/2024, 30/04/2024, 21/05/2024 എന്നീ തീയതികളിൽ യോഗം ചേർന്ന് ആവശ്യമായ നടപടി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 02/05/2024-ൽ ബഹു. മുഖ്യമന്ത്രി, ആരോഗ്യ വകുപ്പ് മന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി, ജലവിഭവ വകുപ്പ് മന്ത്രി, റവന്യൂ വകുപ്പ് മന്ത്രി തുടങ്ങിയ മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെയും ജില്ലാ കളക്ടർമാരുടെയും അവലോകനയോഗം നടത്തി. 2023 നവംബർ 13, 14 തീയതികളിൽ, 2023 ഡിസംബർ 12, 13 തീയതികളിൽ, 2024 ജനുവരി 11, 12 തീയതികളിൽ, 2024 ഫെബ്രുവരി 15, 16 തീയതികളിൽ, 2024 മാർച്ച് 13, 14 തീയതികളിൽ ചേർന്ന സീനിയർ മെഡിക്കൽ ഓഫീസർമാരുടെ (SMO) കോൺഫറൻസിലും ഇക്കാര്യം സംബന്ധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. 17/05/2024 -ൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ജലവിഭവ വകുപ്പ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ശുചിത്വമിഷൻ, ജില്ലാ കളക്ടർമാർ, ദുരന്തനിവാരണ അതോറിറ്റി എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് അവലോകനയോഗം വിളിച്ചുകൂട്ടുകയും ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.
- പകർച്ചവ്യാധി പ്രതിരോധവുമായി ബന്ധപ്പെട്ട് സംസ്ഥാന തലത്തിൽ ദ്രുതകർമ്മസേന പുനഃസംഘടിപ്പിച്ചു. 21/05/2024-ൽ ചേർന്ന ദ്രുതകർമ്മസേനയുടെ പ്രഥമയോഗത്തിൽ പ്രതിരോധ പ്രവർത്തനങ്ങളും വിവിധ തലങ്ങളിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ചും ചർച്ച ചെയ്യുകയുണ്ടായി. മഴക്കാല കെടുതികൾ, പകർച്ചവ്യാധികൾ തുടങ്ങിയ ആരോഗ്യ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി സ്റ്റേറ്റ് RRT അംഗങ്ങൾ, ജില്ലാ ചാർജ്ജ് ഓഫീസർമാർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ (DMO), ജില്ലാ പ്രോഗ്രാം മാനേജർമാർ (DPM), ജില്ലാ സർവലൈൻസ് ഓഫീസർമാർ (DSO) എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് തുടർന്നും അവലോകനയോഗം ചേർന്ന് നടപടി നിർദ്ദേശങ്ങൾ നൽകിയിരുന്നു.
- 2024 വർഷത്തിലേക്കുള്ള ആരോഗ്യജാഗ്രതാ കലണ്ടർ വർഷാരംഭത്തിൽ തന്നെ പ്രസിദ്ധീകരിക്കുകയും ജനുവരി മാസം തന്നെ എല്ലാ ജില്ലകളിലും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ യോഗം കൂടുകയും ചെയ്തു.
- എല്ലാ മാസവും, മൂന്നാമത്തെ ചൊവ്വാഴ്ചകളിൽ 'ഹെൽത്തി കേരള' പരിപാടിയുടെ ഭാഗമായി ഭക്ഷണശാലകളിലും മറ്റു പൊതു ഇടങ്ങളിലും ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പരിശോധനകൾ നടന്നു വരുന്നു.
- എല്ലാ മാസവും സീനിയർ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിലും എല്ലാ ആഴ്ചയിലും ജില്ലാ സർവെയിലൻസ് ഓഫീസർമാരുടെ നേതൃത്വത്തിലും അവലോകന യോഗങ്ങൾ ചേർന്ന് പകർച്ചവ്യാധി കേസുകളുടെ നിരക്കും സാന്ദ്രതയും വിലയിരുത്തി തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ആവശ്യമായ സന്ദർഭങ്ങളിൽ പ്രതിരോധ-നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിദഗ്ധ സംഘത്തെ ജില്ലകളിലേക്ക് അയക്കുകയും ചെയ്യുന്നു.

- വയറിളക്ക രോഗങ്ങൾ, ഹെപ്പറ്റൈറ്റിസ്-എ, മറ്റു ജലജന്യ രോഗങ്ങൾ, ചിക്കൻ പോക്സ്, എന്നിവയെ പറ്റിയുള്ള നിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.
- കുടിവെള്ളത്തിന്റെ ലഭ്യതയും ശുദ്ധതയും ഉറപ്പ് വരുത്തുവാൻ ജല അതോറിറ്റി, ജലനിധി എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷണത്തിലൂടെയും പാനീയങ്ങളിലൂടെയും പകരുന്ന പകർച്ചവ്യാധികളും ഭക്ഷ്യവിഷബാധയും തടയുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ഭക്ഷ്യസുരക്ഷാ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.
- പ്രാണിജന്യ രോഗ നിയന്ത്രണത്തിനായി പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ള ജില്ലകളിൽ പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കി വരുന്നു. മെഡിക്കൽ ഓഫീസർമാർക്കും ഫീൽഡ് ജീവനക്കാർക്കും വിവിധ പരിശീലനങ്ങൾ നൽകിവരുന്നു.
- കൊതുകുജന്യ രോഗങ്ങൾ തടയുന്നതിനായി ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടത്തുകയും വിദ്യാലയങ്ങൾ, ജോലിസ്ഥലങ്ങൾ, വീടുകൾ എന്നിവിടങ്ങളിൽ എല്ലാ ആഴ്ചയും യഥാക്രമം വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ 'ഡ്രൈ ഡേ' ആചരിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.
- എലി മൂത്രം കലർന്ന മലിനമായ വെള്ളവും മണ്ണുമായും സമ്പർക്കത്തിൽ വരാൻ സാധ്യതയുള്ളതുമായ ആളുകൾക്ക് (High risk category) ആഴ്ചയിൽ 200 mg ഡോക്സിസൈക്ലിൻ ഗുളികകൾ സൗജന്യമായി നൽകി വരുന്നു. ഇത്തരം വിഭാഗത്തിന് ആവശ്യമായ സുരക്ഷാ മാർഗ്ഗങ്ങളെക്കുറിച്ച് ബോധവത്കരണം നൽകുന്നു.
- High risk വിഭാഗത്തിലുള്ള ഗർഭിണികൾ, പ്രസവാനന്തര കാലഘട്ടത്തിൽ ഉള്ളവർ, കഠിനമായ രോഗാവസ്ഥയിൽ ഉള്ളവർ, പ്രായാധിക്യം ഉള്ളവർ തുടങ്ങിയ ആളുകൾ സാമൂഹിക അകലം പാലിക്കാനും രോഗലക്ഷണങ്ങൾ ഉള്ളവരുമായുള്ള സമ്പർക്കം ഒഴിവാക്കാനുമുള്ള നിർദ്ദേശം നൽകുകയും ആവശ്യമുള്ള ഒസൾട്ടാമിവിർ ഗുളിക എല്ലാ സർക്കാർ ആശുപത്രികളിലും കെ.എം.എസ്.സി.എൽ മുഖേന ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.
- ശ്വാസകോശ സംബന്ധമായ അണുബാധകൾ തടയുന്നതിന് മരുന്നുകൾ ഉപയോഗിക്കാതെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനായി ADVISORY WITH REGARD TO AUGMENTATION OF ADHERENCE TO NON-PHARMACOLOGICAL INTERVENTIONS FOR PREVENTING RESPIRATORY INFECTIONS എന്ന പേരിൽ അഡ്വസറി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.
- ആരോഗ്യ പ്രവർത്തകർക്ക് സ്റ്റേറ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന പകർച്ചവ്യാധികളെ പറ്റി ഓൺലൈൻ പരിശീലനങ്ങൾ നടത്തി വരുന്നു. പകർച്ചവ്യാധിയുമായി ബന്ധപ്പെട്ട ചികിത്സാ പ്രോട്ടോക്കോളുകൾ എല്ലാ ആശുപത്രികളും കൃത്യമായി പാലിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
- പകർച്ചപ്പനി ഉൾപ്പെടെയുള്ള പകർച്ചവ്യാധിയുമായി ബന്ധപ്പെട്ട ചികിത്സാ പ്രോട്ടോക്കോളുകൾ എല്ലാ ആശുപത്രികളും കൃത്യമായി പാലിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
- എല്ലാ ആശുപത്രികളിലും ചികിത്സാ സൗകര്യം ഒരുക്കിയിട്ടുണ്ട്. ആശുപത്രിയിൽ മരുന്നിന്റെ ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്. രോഗബാധിതരെ യഥാസമയം കണ്ടെത്തി രോഗബാധയേറ്റവരെ ആശുപത്രിയിൽ എത്തിച്ച് ചികിത്സ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ബോധവത്ക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്.
- വയറിളക്കരോഗങ്ങൾക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി 2024 ഫെബ്രുവരി 14 മുതൽ 28 വരെ Integrated Diarrhoea Control Fortnight ആചരിച്ചു.

- ഒ.ആർ.എസ്, ഡോക്സിസൈക്ലിൻ, ബ്ലീച്ചിംഗ് പൗഡർ തുടങ്ങിയവയുടെ സ്റ്റോക്ക് എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ഉറപ്പാക്കിയിട്ടുണ്ട്.
- മെഡിക്കൽ കോളേജുകളിലും, അനുബന്ധ സ്ഥാപനങ്ങളിലും റഗുലർ ആയി ഇൻഫെക്ഷൻ കൺട്രോളർ പ്രവർത്തനങ്ങൾ, ട്രെയിനിംഗ്, മോണിറ്ററിംഗ്, സൂപ്പർവിഷൻ, ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ്, മാലിന്യ നിർമ്മാർജ്ജനം, കൊതുക് നിയന്ത്രണം എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഈ പ്രവർത്തനങ്ങൾ അതാത് മാസങ്ങളിൽ ആശുപത്രി സൂപ്രണ്ടിന്റെയും Infection Control team, SPIED Cell -ന്റെയും നേതൃത്വത്തിൽ അവലോകനം നടത്തി ശരിയായ രീതിയിൽ നടന്നു വരുന്നുവെന്ന് ഉറപ്പു വരുത്തുകയും അത്തരം പ്രവർത്തനങ്ങളിൽ ജീവനക്കാർക്ക് അവബോധം വരുത്തുന്നതിനു വേണ്ട ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു.
- ഡെത്ത് ഓഡിറ്റിംഗ് കൃത്യമായും നടത്തേണ്ടതാണെന്നും ആയതിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രതിരോധ പ്രവർത്തനങ്ങളിൽ /ചികിത്സയിൽ ഗുണപരമായ മാറ്റം കൊണ്ടുവരേണ്ടതുമാണെന്ന നിർദ്ദേശം നല്കിയിട്ടുണ്ട്.
- ശക്തമായ മഴ നിലനിൽക്കുന്ന സാഹചര്യത്തിൽ, അനിവാര്യമായ ജീവനക്കാരെ ഉൾപ്പെടുത്തിക്കൊണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ കൺട്രോൾ സെൽ മേയ് മാസം അവസാനത്തോടെ പ്രവർത്തനം ആരംഭിച്ചിരുന്നു. ഇതിനോടനുബന്ധിച്ച് ജില്ലകളിലും കൺട്രോൾ സെൽ പ്രവർത്തിച്ചു വരുന്നു.
- ജില്ലയിലെ ഒരു ആശുപത്രിയിലെങ്കിലും ഫീവർ ഒ.പി രാത്രി എട്ട് മണി വരെ പ്രവർത്തിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പനി രോഗികളുടെ എണ്ണം വർദ്ധിക്കുകയാണെങ്കിൽ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലെയും കാഷ്വാലിറ്റിയിൽ ഫീവർ ക്ലിനിക്ക് തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- ഹെപ്പറ്റൈറ്റിസ് -എ ഔട്ട് ബ്രേക്ക് ഉണ്ടായ പ്രദേശങ്ങളിൽ, കുടിവെള്ള സ്രോതസ്സുകളുടെ സൂപ്പർ ക്ലോറിനേഷൻ ശക്തിപ്പെടുത്തി കുടിവെള്ള സ്രോതസ്സുകൾ ശുദ്ധമാണെന്ന് ഉറപ്പ് വരുത്തി വരുന്നു. തിളപ്പിച്ചാറ്റിയ വെള്ളം മാത്രം ഉപയോഗിക്കാനായുള്ള നിർദ്ദേശം ഉൾപ്പെടെ വളരെ ശക്തമായ IEC പ്രവർത്തനനങ്ങൾ രോഗബാധിത പ്രദേശത്ത് നടത്തി വരുന്നു.
- Severe Hepatitis-A രോഗമുള്ളവരെ ചികിത്സിക്കുന്നതു സംബന്ധിച്ച് ഒരു Standard Operating Procedure കഴിഞ്ഞ മാസം പുറപ്പെടുവിച്ചിട്ടുണ്ട്. Plasma Exchange ചികിത്സാ രീതി (PLEX) അനിവാര്യ ഘട്ടങ്ങളിൽ ശാസ്ത്രീയമായി നടത്തുന്നത് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. CMC വെല്ലൂരുമായി ചേർന്നു കൊണ്ടാണ് ഈ procedure വികസിപ്പിച്ചിട്ടുള്ളത്.
- സംസ്ഥാന തലത്തിൽ പൊതുജനാരോഗ്യ നിയമം 2023 പ്രകാരമുള്ള സമിതിയുടെ ആദ്യ യോഗം 2024 മാർച്ച് 14 ന് കൂടുകയും ജില്ലാ/ പ്രാദേശിക തലങ്ങളിൽ പ്രസ്തുത സമിതികൾ കൂടുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ സമിതികൾ രൂപീകരിക്കുകയും വിവിധ ജില്ലകളിൽ പ്രസ്തുത നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി, നിയമം ലംഘിക്കുന്നവർക്ക് നോട്ടീസ് നൽകുകയും, കേസുകൾ രജിസ്റ്റർ ചെയ്യുന്നതുൾപ്പടെയുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.
- പരിസ്ഥിതിയും ജീവജാലങ്ങളും തമ്മിലുള്ള ബന്ധം തിരിച്ചറിഞ്ഞ് വേണ്ട ഇടപെടലുകളിലൂടെ മെച്ചപ്പെട്ട ആരോഗ്യ നിലവാരം കൈവരിക്കുക എന്നതാണ് ഏകാരോഗ്യം (വൺ ഹെൽത്ത്) എന്ന ആശയം കൊണ്ട് വിഭാവനം ചെയ്യുന്നത്.
- വൺ ഹെൽത്ത് പദ്ധതിയുടെ ആദ്യഘട്ടം റീ ബിൽഡ് കേരള സംരംഭത്തോടൊപ്പം ലോക ബാങ്ക് സഹായത്തോടെ കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എന്നീ നാലു പമ്പാനദീതട ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. ആർദ്രം മിഷന്റെ ഭാഗമായി കേരളത്തിലെ ബാക്കി ജില്ലകളിലേയ്ക്കും വൺ ഹെൽത്ത് പ്രോഗ്രാം വിപുലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. പെട്ടെന്നുണ്ടാകുന്ന രോഗങ്ങൾ, പകർച്ച വ്യാധികൾ, പ്രകൃതി ദുരന്തങ്ങൾ, കാലാവസ്ഥാ വ്യതിയാനങ്ങൾ

എന്നിവയ്ക്കെതിരായി കേരളത്തിന്റെ പ്രതിരോധം വർധിപ്പിക്കാൻ ലക്ഷ്യമിട്ട് കൊണ്ട് ലോക ബാങ്ക് ധന സഹായം നല്കുന്ന Multi Sector Resilience Programme for Results Operation എന്ന പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന വൺ ഹെൽത്ത് പദ്ധതിയുടെ സംസ്ഥാനത്തെ ഏകോപന ചുമതല ആരോഗ്യ വകുപ്പ് ഡയറക്ടർക്കാണ്.

- പകർച്ചവ്യാധികൾ തടയുവാനുള്ള വിവിധ പ്രവർത്തനങ്ങളെപ്പറ്റിയും, പൊതുജനങ്ങൾ പാലിക്കേണ്ട കർത്തവ്യങ്ങളെപ്പറ്റിയും വിവിധ ദൃശ്യ-ശ്രവ്യ-അച്ചടി-സാമൂഹിക മാധ്യമങ്ങളിലൂടെ ബോധവൽക്കരണം തുടർന്നു വരുന്നു.

## ജീവിതശൈലീ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമായി സംസ്ഥാനം ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ

- ജീവിതശൈലീ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമായി സംസ്ഥാനത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, സബ് സെന്ററുകൾ, ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ജീവിതശൈലീ രോഗനിയന്ത്രണ ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. രോഗികൾക്ക് ചികിത്സയും മരുന്നുകളും സൗജന്യമായാണ് ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നത്.

- മെഡിക്കൽ കോളേജ് ആശുപത്രികളുടെ അനുബന്ധ സ്ഥാപനങ്ങളായ യു.എച്ച്.റ്റി.സി, ആർ.എച്ച്.റ്റി.സി എന്നിവിടങ്ങളിൽ ജീവിതശൈലീ രോഗ ക്ലിനിക്ക് വഴി പരിശോധന നടത്തുകയും മരുന്നുകൾ, ഇൻസുലിൻ എന്നിവ സൗജന്യമായി നൽകുകയും ഉപ കേന്ദ്രങ്ങൾ വഴി ബോധവൽക്കരണവും നടത്തി വരികയും ചെയ്യുന്നു. മാത്രമല്ല ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ ജീവിതശൈലീ ക്യാമ്പുകൾ നടത്തി പരിശോധനയും ബോധവൽക്കരണവും നടത്തുന്നു. എല്ലാ മാസവും തെരഞ്ഞെടുക്കുന്ന സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയം നടത്തുന്നു.
- വീടുകളിൽ വച്ച് തന്നെ ഡയാലിസിസ് ചെയ്യാൻ സാഹചര്യം ഒരുക്കുന്ന പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ് 14 ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.
- പക്ഷാഘാതം നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും സംസ്ഥാനത്തെ പ്രധാന ആശുപത്രികളിൽ സ്ട്രോക്ക് യൂണിറ്റുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്.
- സംസ്ഥാനത്തിന്റെ ജീവിതശൈലീ രോഗ നിയന്ത്രണത്തിനായി ജീവിതശൈലീ രോഗങ്ങളുടെ സ്ക്രീനിംഗ്, സാധാരണ ജീവിതശൈലീ രോഗങ്ങളായ രക്താതിസമ്മർദ്ദം, ടൈപ്പ് 2 പ്രമേഹം, അമിതവണ്ണം മുതലായവയുടെ സ്ക്രീനിംഗിനോടൊപ്പം തന്നെ മറ്റ് ജീവിതശൈലീ രോഗങ്ങളുടെ സ്ക്രീനിംഗും ചികിത്സയും ഉറപ്പാക്കുന്നു.
- COPD അസുഖബാധിതരുടെ സ്ക്രീനിംഗും ചികിത്സയും (ശ്വാസ് പദ്ധതി), ഡയബറ്റിക്ക് റെറ്റിനോപ്പതി സ്ക്രീനിംഗും ചികിത്സയും (നയനമിത്രം), ഡയബറ്റിക് ഫുട്ട് ചികിത്സ (പാദസ്പർശം), പക്ഷാഘാത ചികിത്സയും പുനരധിവാസവും (Stroke Identification Rehabilitation Awareness and Stabilisation - SIRAS), ക്യാൻസർ മാനേജ്മെന്റ്, വൃക്കരോഗികൾക്കായുള്ള Continuous Ambulatory Peritoneal Dialysis (CAPD) ക്ലിനിക്കുകൾ, പാലിയേറ്റീവ് കെയർ പ്രോഗ്രാം, നവജാതശിശുക്കളുടെ ജന്മ വൈകല്യങ്ങൾ കണ്ടെത്താനുള്ള സമഗ്ര പരിശോധന എന്നിവ നല്ല രീതിയിൽ നടന്നുവരുന്നു.
- നവകേരള കർമ്മ പദ്ധതി II ആർദ്രം മിഷൻ II ന്റെ ഭാഗമായി ആശാ പ്രവർത്തകർ ഗൃഹസന്ദർശനത്തിലൂടെ 30 വയസ്സിനുമുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളുടെയും

ജീവിതശൈലീരോഗ ഹേതുക്കളുടെ ഒരു പര്യവേഷണം ഇ-ഹെൽത്ത് തയ്യാറാക്കിയ "ശൈലീ" എന്ന ആപ്ലിക്കേഷനിലൂടെ നടപ്പിലാക്കി വരുന്നു. (വാർഷിക ആരോഗ്യ പരിശോധന)

- ജീവിത ശൈലീ രോഗങ്ങൾ വരാതെ ജനങ്ങളെ സംരക്ഷിക്കുന്നതിന് ആവശ്യമായ വ്യായാമം പ്രോത്സാഹിപ്പിക്കുന്നതിന് ഓപ്പൺ ജിം എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
- സ്ത്രീകളിലും പുരുഷന്മാരിലും കുട്ടികളിലും അമിതവണ്ണം കൂടി വരുന്നതായി കണ്ടു വരുന്നതിന്റെ ഭാഗമായി എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ജീവിതശൈലി രോഗനിർണ്ണയ ക്യാമ്പുകളും മരുന്നുവിതരണവും NCD ക്ലിനിക്കുകൾ വഴി നടന്നു വരുന്നു. ഇത് കൂടാതെ കേരള ഗവൺമെന്റ് ഫാറ്റ് ടാക്സ് കൊണ്ടുവരുകയും, ഫാസ്റ്റ് ഫുഡുകൾക്ക് കൂടുതൽ ടാക്സ് ഈടാക്കുകയും ചെയ്ത് വരുന്നു. ഇതു കൂടാതെ കേരള ന്യൂട്രീഷൻ മിഷന്റെ സമ്പുഷ്ട കേരളം പദ്ധതിയുടെ ഭാഗമായി കുട്ടികളിൽ വളർച്ചക്കുറവും അമിതവണ്ണവും നിയന്ത്രിക്കാൻ പദ്ധതി നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ